നടത്തുകയും ചെയ്തിട്ടുണ്ട്. ജനജാഗ്രതാ സമിതികൾ രൂപീകരിക്കുകയും യോഗങ്ങൾ നടത്തുകയും രാത്രികാല പട്രോളിംഗ് നടത്തുകയും ആനകൾ നാട്ടിൽ ഇറങ്ങുന്നത് തടയാൻ പടക്കം പൊട്ടിക്കുകയും കൂടുതൽ വാച്ചർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ചാലക്കുടി മൊബൈൽ ടീമിലെ ജീവനക്കാരെ ആർ.ആർ.ടി. മാതൃകയിൽ പ്രവർത്തിപ്പിക്കുന്നതിന് ശ്രദ്ധിക്കുന്നുണ്ട്.

വന്യമൃഗങ്ങളുടെ ആക്രമണവും തദ്ദേശവാസികളുടെ സംരക്ഷണവും

189(935) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ആക്രമണങ്ങളാൽ ജീവൻ നഷ്ടപ്പെടുന്നതുൾപ്പെടെ കൃഷി/വീട് നഷ്ടപ്പെടുന്നത് സർക്കാർ ശ്രദ്ധയിൽപ്പെട്ടുവോയെന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇത്തരത്തിൽ കഴിഞ്ഞ 10 വർഷക്കാലയളവിൽ ഓരോ വർഷവും എത്രപേർ മരണപ്പെട്ടുവെന്നും കൃഷിനാശവും വീടുകൾ നഷ്ടപ്പെട്ടതും സംബന്ധിച്ച വിശദാംശവും വ്യക്തമാക്കുമോ?

കഴിഞ്ഞ 10 വർഷക്കാലയളവിൽ വന്യജീവി ആക്രമണംമൂലം മരണപ്പെട്ടവരുടെ വിവരം അനുബന്ധമായി ചേർക്കുന്നു. കഴിഞ്ഞ 10 വർഷക്കാലയളവിൽ വന്യജീവി ആക്രമണംമൂലം മരണപ്പെട്ടവരുടെ ആശ്രിതരിൽനിന്നും മറ്റു നാശനഷ്ടം സംഭവിച്ചവരിൽനിന്നും ലഭിച്ച അപേക്ഷയുടെയും ധനസഹായത്തിന്റെയും വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ഇതിൽ നിന്നും തദ്ദേശവാസികളെ സംരക്ഷിക്കാനും കൃഷി/വീട് സംരക്ഷണം ഉറപ്പുവരുത്താനുമായി വനം വകുപ്പ് സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

വന്യമൃഗ ആക്രമണങ്ങളിൽനിന്നും തദ്ദേശവാസികളെ സംരക്ഷിക്കാനും കൃഷി/വീട് സംരക്ഷണം ഉറപ്പുവരുത്താനുമായി താഴെപ്പറയുന്ന പ്രതിരോധ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ്, റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നുമുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചു വരുന്നു. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ച് വരുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവെച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള 246 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്, ജലസംരക്ഷണ പ്രവൃത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. വന്യ ജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസ മേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കാട്ടുപന്നികൾ ജനവാസ മേഖലയിലും കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാക്കുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിനും നശിപ്പിക്കുന്നതിനും 18-5-2020-ലെ സ.ഉ. (സാധാ) നമ്പർ 111/2020/വനം, 11-1-2021-ലെ സ.ഉ. (സാധാ) നമ്പർ 5/2021/വനം, 28-1-2021-ലെ സ.ഉ. (സാധാ) നമ്പർ 25/2021/വനം എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. 29-5-2021-ലെ സ.ഉ. (സാധാ) നമ്പർ 159/2021/വനം പ്രകാരം മേൽ ഉത്തരവുകളുടെ കാലാവധി 17-5-2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 8-1-2015-ലെ സ.ഉ. (കൈ) നമ്പർ 2/2015/വനം, 5-4-2018-ലെ സ.ഉ. (കൈ) നമ്പർ 17/2018/വനം എന്നീ ഉത്തരവുകൾ പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്ത്നാശം,

LIBRARY ARCHIVES Kerala Legislative Assembly

അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ.(കൈ)നമ്പർ 17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

(ഡി) ഇത്തരത്തിൽ ദുരിതമനുഭവിക്കുന്നവർക്കും മരണപ്പെട്ടവർക്കും നൽകിവരുന്ന സർക്കാർ സഹായം വ്യക്തമാക്കുമോ; ഇവർക്കായുള്ള സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ വനം വകുപ്പ് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980-ലെ ദി കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) നം.17/2018/വനം പ്രകാരം പുതുക്കിയ നിരക്കിൽ നഷ്ടപരിഹാരം നൽകി വരുന്നു. നിലവിലെ നിരക്ക് അനുബന്ധമായി ചേർക്കുന്നു.* 8-1-2015-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 02/2015/വനം പ്രകാരം കൃഷിനാശം സംഭവിക്കുന്ന 27 ഇനം കാർഷിക വിളയ്ക്കുള്ള നഷ്ടപരിഹാരം നൽകി വരുന്നു.

വന്യജീവി സംഘർഷം നിയന്ത്രിക്കൽ

190(936) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യജീവി സംഘർഷം വനാതിർത്തിയിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നിയന്ത്രിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

വന്യജീവി സംഘർഷം വനാതിർത്തിയിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നിയന്ത്രിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനായി 14-9-2021-ൽ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു അടിയന്തര യോഗം വിളിച്ചു ചേർത്തിരുന്നു. സംസ്ഥാനത്തെ വനാതിർത്തികളോട് ചേർന്ന് ഉണ്ടാകുന്ന മനുഷ്യവന്യജീവി സംഘർഷംമൂലമുള്ള മരണങ്ങൾ, കൃഷിനാശം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് വനം വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.